പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3817 17.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി ബസുകളുടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ആറ്റിങ്ങൽ, കിളിമാനൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര ഷെഡ്യൂളുകൾ വീതം വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആറ്റിങ്ങൽ, കിളിമാനൂർ കെ.എസ്.ആർ.ടി.സി ഡിപ്പോകളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഷെഡ്യൂളും വെട്ടിക്കുറച്ചിട്ടില്ല. എന്നാൽ ബസിന്റെ കുറവ് മൂലം ചില സർവ്വീസുകൾ അയക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത ഡിപ്പോകളിലെ ബസുകളുടെ കാലപ്പഴക്കവും സ്പെയർ പാർട്സുകളുടെ അപര്യാപ്തതയും കാരണം ദിനംപ്രതി നിരവധി സർവ്വീസുകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കെ. എസ്. ആർ. ടി. സി.യെ മാത്രം ആശ്രയിക്കുന്ന മേഖലയിൽ ഇതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ആറ്റിങ്ങൽ, കിളിമാനൂർ പ്രദേശത്തെ ദേശസാൽകൃത മേഖലകളിൽ ആവശ്യത്തിന് സർവ്വീസുകൾ കെ.എസ്.ആർ.ടി.സി ഇപ്പോൾ നടത്തി വരുന്നുണ്ട്. എന്നിരുന്നാലും യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സർവ്വീസുകൾ ബസിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കുന്ന കാര്യം കെ.എസ്. ആർ.ടി.സി.ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ